അനുകൂല്യങ്ങൾ നൽകണമെന്നും മിനിമം വേജസ് വിജ്ഞാപനം നടപ്പിലാക്കണമെന്നും കളക്ടർ അദ്ധ്യക്ഷനായ പീലിംഗ് കമ്മറ്റി യോഗം വിളിച്ചു ചേർക്കണമെന്നും ശ്രീ. സീതിലാൽ അഭിപ്രായപ്പെട്ടു. മിനിമം വേജസ് വിജ്ഞാപനം നടപ്പിലാക്കണമെന്നും, വിവിധ തരത്തിലുളള തൂക്കമാണ് വിവിധ ഷെഡ്ഡുകളിൽ നിലനിൽക്കുന്നതെന്നും തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാനുളള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നില്ല എന്നും ആലപ്പുഴ ജില്ലയിലെങ്കിലും കൂലി നിരക്ക് ഏകീകരിക്കാൻ നടപടി സ്വീകരിയ്ക്കണമെന്നും അഡ്വ: രഞ്ജിത്ത് ശ്രീനിവാസ് അഭിപ്രായപ്പെട്ടു. എം.പി.ഇ.ഡി.എ-യുടെ സബ്സിഡി വാങ്ങി പ്രവർത്തിക്കുന്ന 156-ഓളം ഷെഡ്ഡുകൾ ഉണ്ടെന്നും അവിടെ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രതിദിനം 300/- രൂപ മുതൽ 700/- രൂപ വരെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നുണ്ട് എന്നും ഇ.എസ്.ഐ., പി.എഫ് ഏർപ്പെടുത്തിയിട്ടുണ്ട് എന്നും പുറമേ നിന്നുളള തൊഴിലാളികൾ വന്ന് പണി ഷെഡ്ഡുകൾ അടപ്പിക്കുകയാണ് ഉണ്ടായതെന്നും ചില ഷെഡ്ഡുകളിൽ മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നില്ല എന്ന് ശ്രീ. ഹമീദ് അഭിപ്രായപ്പെട്ടു. മിനിമം വേതനം വിജ്ഞാപനം നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിട്ടുണ്ടെന്ന ഉടമ പ്രതിനിധികളുടെ വാദം തെറ്റാണ് എന്നും കൂലി കുറവായതിനാൽ പുതുതലമുറ ഈ രംഗത്തേയ്ക്ക് വരുന്നില്ല എന്നും തൊഴിലാളികൾക്ക് ചികിത്സാ സൗകര്യങ്ങൾ നൽകുന്നില്ല എന്നും ശ്രീ. ലാൽകോയിപ്പറമ്പിൽ അഭിപ്രായപ്പെട്ടു. 6 യൂണിയനുകൾ സമരരംഗത്ത് നിൽകുകയാണ് എന്നും മിനിമം വേതനം അറിയില്ല എന്ന വാദം ശരിയല്ലായെന്നും ആയത് നടപ്പിലാക്കണമെന്നും കൗണ്ട് വ്യത്യാസവും ഭാരവും തമ്മിൽ ബന്ധപ്പെടുത്തി മിനിമം വേജസ് കണക്കാക്കണമെന്നും അതുവരെ പ്രശ്നം പരിഹരിക്കുവാൻ പ്രായോഗികമായ നിലാപാടെടുക്കണമെന്നും ശ്രീ. ജോയ് സി കമ്പക്കാരൻ അഭിപ്രായപ്പെട്ടു. 500 - 600 കൗണ്ട് ചെമ്മീൻ പൊളിക്കുന്നതിനുളള കൂലി മാനദണ്ഡമായെടുത്ത് നിശ്ചയിക്കണമെന്ന് ശ്രീ. പ്രതാപൻ അഭിപ്രായപ്പെട്ടു. നീണ്ടകര മേഖലയിൽ കമ്മ്യൂണിറ്റി പീലിംഗ് ഷെഡ് ഉണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സർക്കാർ തലത്തിൽ 3 - 4 ലക്ഷം രൂപ സഹായം നൽകി ചെറുകിട പീലിംഗ് ഷെഡ്ഡുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിയ്ക്കണമെന്നും ശ്രീ. സജീവൻ അഭിപ്രായപ്പെട്ടു.

ചർച്ചകൾക്കിടെ കൂലിയിൽ ചെറിയ വർദ്ധനവ് വരുത്താമെന്ന് ചേമ്പർ പ്രതിനിധികൾ അറിയിച്ചെങ്കിലും ടി വർദ്ധനവ് തൊഴിലാളി പ്രതിനിധികൾ അംഗീകിരിച്ചില്ല. തുടർന്ന് ബഹു: എം.പി. യും എം.എൽ.എ-മാരും രാഷ്ട്രീയ പാർട്ടി നേതാക്കളും ഇടപ്പെട്ട് ചർച്ചകൾ നടത്തുകയും സമവായം ഉണ്ടാക്കുകയും ചെയ്തു. കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ട് ബഹു: ജില്ലാ കളക്ടർ ചർച്ചയുടെ തീരുമാനം അറിയിക്കുകയും ആയത് ഇരുകക്ഷികളും അംഗീകരിക്കുകയും ചെയ്തു. താഴെപ്പറയുന്ന തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു.

1. ചേർത്തല താലൂക്കിൽ അരൂർ മേഖലയിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു കിലോ ചെമ്മീൻ പൊളിക്കുന്നതിന് 14/- രൂപ നിരക്കിൽ കൂലി പുതുക്കി നിശ്ചയിച്ചു.

2. മേഖലയിലെ മറ്റു തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ജില്ലാതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് രണ്ടാഴ്ചയ്ക്കകം ചർച്ച നടത്തുന്നതാണ്.

മേൽ വ്യവസ്ഥകൾ ഇരുകക്ഷികളും അംഗീകരിച്ചു ഒത്തുതീർപ്പു മെമ്മോറാണ്ഡം ഒപ്പുവെച്ചു.

യോഗം ഏഴ് മണിക്ക് അവസാനിച്ചു

ജില്ലാ കളക്ടർ
ആലപ്പുഴ

ജില്ലാ ലേബർ ഓഫീസർ (ഇ)
ആലപ്പുഴ

ജില്ലാ ലേബർ ഓഫീസർ (ജി)
ആലപ്പുഴ

Deepa
സെക്ഷൻ ഓഫീസർ